**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3009** **18-03-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീട്ടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള ഉദ്ദേശലക്ഷ്യങ്ങൾചുവടെ കൊടുക്കുന്നു. 1. ഗ്രാമ പഞ്ചായത്തുകളിലെ വീടുകളിൽ പ്രവർത്തന ക്ഷമമമായ ടാപ്പ് കണക്ഷനുകൾ 2024 നുള്ളിൽ ലഭ്യമാക്കുക. 2. ഗ്രാമ പഞ്ചായത്തിൽസ്ഥിരമായി വരൾച്ച ബാധിക്കുന്ന പ്രദേശങ്ങൾക്കും, ജല ഗുണനിലവാര പ്രശ്നങ്ങൾ നേരിടുന്ന സ്ഥലങ്ങൾക്കും പദ്ധതിയിൽ മുൻഗണന നൽകുക. 3. വിദ്യാലയങ്ങൾ, അംഗനവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ആഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പ് കണക്ഷനുകൾ നൽകുക. 4. പദ്ധതിയിൽ നിർമ്മിക്കുന്ന ടാപ്പ് കണക്ഷനുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക 5. പ്രാദേശികമായി കുടിവെള്ള വിതരണത്തിൽ ഉടമസ്ഥതാബോധം ഉറപ്പുവരുത്തുന്നതിനായി പണമായോ, സാധനസാമഗ്രികളായോ അല്ലെങ്കിൽ തൊഴിൽരൂപത്തിലോ ഗ്രാമത്തിലെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. 6. കുടിവെള്ള വിതരണ സംവിധാനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്താനും നടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായ ധന ലഭ്യത ഉറപ്പാക്കാനും വേണ്ട സഹായം നൽകുക. 7. നിർമ്മാണ പ്രവൃത്തികൾ, പ്ലംബിങ്- ഇലക്ട്രിക്കൽ ജോലികൾ, ജല ഗുണനിലവാര പരിപാലനം, ജല ശുദ്ധീകരണം, ജലസ്രോതസ്സുകൾക്ക് ചുറ്റുമുള്ള നീർത്തടത്തിലെ മണ്ണ്, ജല ജൈവ സംരക്ഷണം, പദ്ധതി നടത്തിപ്പ്, പരിപാലനം എന്നിവ തുടർച്ചയായി ഏറ്റെടുക്കാനുള്ള വ്യക്തികളെ കണ്ടെത്തുകയും അവരുടെ ശേഷി കൂട്ടുകയും ചെയ്യുക |

| | | | |
|---|---|---|---|
| | | | വഴി ജല വിതരണ മേഖലയെ ശക്തിപ്പെടുത്തുക. 8. കുടിവെള്ളത്തിന്റെ അളവും, ഗുണവും, സംരക്ഷണവും ഉറപ്പാക്കുന്നതിൽ എല്ലാവർക്കും ചുമതലയും കടമയും ഉത്തരവാദിത്വവും പങ്കും ഉണ്ടെന്ന് വിവിധ ബോധവൽക്കരണ, പ്രചാരണ മനോഭാവമാറ്റ പരിപാടികളിലൂടെ ജനങ്ങളെ ബോധ്യപ്പെടുത്തി ജലം എല്ലാവരുടെയും കൂടിയാണെന്ന കാഴ്ചപ്പാടും സമീപനവും വളർത്തി കൊണ്ടു വരിക. |
| (ബി) | ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ ഇതുവരെ ആകെ 156810 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 1511.11 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് പുറമെ ജലനിധി, ഭൂജല വകുപ്പ് എന്നീ ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി നിലവിൽ വന്ന 2020-21 ന് ശേഷം ഇടുക്കി ജില്ലയിൽ 10.03.2022 വരെ 21081 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഭരണാനുമതി നല്കിയ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി (കേരള വാട്ടർ അതോറിറ്റി, ജലനിധി, ഭൂജല വകുപ്പ് ഉൾപ്പെടെ) നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിയോജക മണ്ഡലം തിരിച്ചുള്ള സംക്ഷിപ്തവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇടുക്കി ജില്ലയിൽ ചെറുതോണി, തൊടുപുഴ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധന സബ് ഡിവിഷണൽ ലാബുകൾക്ക് എൻ.എ.ബി.എൽ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അടിമാലിയിൽ എൻ.എ.ബി.എൽ നിലവാരത്തിലുള്ള ഒരു പുതിയ സബ് ഡിവിഷണൽ ലാബ് തുടങ്ങുന്നതിനുള്ള നടപടികളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഇടുക്കി ജില്ലയിലെ ജലജീവൻ മിഷൻ പ്രവർത്തികളുടെ സംക്ഷിപ്ത വിവരങ്ങൾ

| ക്രമ നം. | നിയോജക മണ്ഡലം | പഞ്ചായത്ത് | ഗ്രാമീണ വീടുകളുടെ എണ്ണം (01.04.2020 ലെ കണക്ക് പ്രകാരം) | കുടിവെള്ള കണക്ഷനുകളുടെ എണ്ണം (01.04.2020 ലെ കണക്ക് പ്രകാരം | ബാക്കി നൽകുവാനുള്ള കുടിവെള്ള കണക്ഷനുകളുടെ എണ്ണം (01.04.2020 ലെ കണക്ക് പ്രകാരം | ഭരണാനുമതി നല്കിയ കുടി വെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക ലക്ഷത്തിൽ | 2020-21 മുതൽ നൽകിയ കണക്ഷനുകൾ (10.03.22 വരെ ) |
|---|---|---|---|---|---|---|---|---|
| 1 | ദേവികുളം | അടിമാലി | 10879 | 3613 | 7266 | 7566 | 12741.26 | 480 |
| 2 | ദേവികുളം | ബൈസൺ വാലി | 3545 | 952 | 2593 | 2593 | 6463.85 | 129 |
| 3 | ദേവികുളം | ചിന്നക്കനാൽ | 3357 | 0 | 3357 | 1930 | 1863 | 0 |
| 4 | ദേവികുളം | ദേവികുളം | 6529 | 26 | 6503 | 10 | 1.8 | 10 |
| 5 | ദേവികുളം | ഇടമലക്കുടി | 862 | 56 | 806 | 806 | 3975.6 | 0 |
| 6 | ദേവികുളം | കാന്തല്ലൂർ | 3102 | 1375 | 1727 | 2527 | 3675.16 | 252 |
| 7 | ദേവികുളം | മാങ്കുളം | 2676 | 1557 | 1119 | 1119 | 2170.22 | 0 |
| 8 | ദേവികുളം | മറയൂർ | 4262 | 2706 | 1556 | 3056 | 4729.34 | 110 |
| 9 | ദേവികുളം | മൂന്നാർ | 8511 | 264 | 8247 | 7347 | 7929.31 | 20 |
| 10 | ദേവികുളം | പള്ളിവാസൽ | 4597 | 3 | 4594 | 4894 | 6554.26 | 22 |
| 11 | ദേവികുളം | വട്ടവട | 1691 | 346 | 1345 | 1345 | 1694.03 | 513 |
| 12 | ദേവികുളം | വെള്ളത്തൂവൽ | 6753 | 1213 | 5540 | 5540 | 3915.41 | 21 |
| 13 | ഇടുക്കി | അറക്കുളം | 5549 | 3282 | 2267 | 4952 | 8718.32 | 119 |
| 14 | ഇടുക്കി | ഇടുക്കി കഞ്ഞിക്കുഴി | 7159 | 3102 | 4057 | 7159 | 12202 | 207 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 15 | ഇടുക്കി | കാമാക്ഷി | 5015 | 0 | 5015 | 600 | 619.83 | 0 |
| 16 | ഇടുക്കി | കാഞ്ചിയാർ | 5988 | 0 | 5988 | 5988 | 2936.12 | 336 |
| 17 | ഇടുക്കി | കൊന്നത്തടി | 7898 | 1645 | 6253 | 35 | 6.15 | 38 |
| 18 | ഇടുക്കി | കുടയത്തൂർ | 3013 | 1250 | 1763 | 3063 | 4444.58 | 102 |
| 19 | ഇടുക്കി | മരിയാപുരം | 3109 | 493 | 2616 | 809 | 280.37 | 48 |
| 20 | ഇടുക്കി | വാത്തിക്കുടി | 7106 | 1274 | 5832 | 149 | 22.34 | 119 |
| 21 | ഇടുക്കി | വാഴത്തോപ്പ് | 6222 | 2423 | 3799 | 398 | 53.65 | 475 |
| 22 | പീരുമേട് | അയ്യപ്പൻ കോവിൽ | 4365 | 1407 | 2958 | 3369 | 2264.89 | 611 |
| 23 | പീരുമേട് | ചക്കുപള്ളം | 6222 | 2217 | 4005 | 300 | 70.95 | 76 |
| 24 | പീരുമേട് | ഏലപ്പാറ | 8606 | 872 | 7734 | 7234 | 3548.79 | 537 |
| 25 | പീരുമേട് | കൊക്കയാർ | 3441 | 441 | 3000 | 3000 | 1539.69 | 54 |
| 26 | പീരുമേട് | കുമിളി | 9651 | 1541 | 8110 | 8110 | 3537.54 | 1096 |
| 27 | പീരുമേട് | പീരുമേട് | 6365 | 832 | 5533 | 5533 | 1874.38 | 2087 |
| 28 | പീരുമേട് | പെരുവന്താനം | 4049 | 520 | 3529 | 3529 | 1844.37 | 36 |
| 29 | പീരുമേട് | ഉപ്പുതറ | 7637 | 448 | 7189 | 380 | 117.62 | 293 |
| 30 | പീരുമേട് | വണ്ടിപ്പെരിയാർ | 11521 | 842 | 10679 | 250 | 68.42 | 418 |
| 31 | തൊടുപുഴ | ആലക്കോട് | 2696 | 512 | 2184 | 2184 | 575 | 657 |
| 32 | തൊടുപുഴ | ഇടവെട്ടി | 3814 | 829 | 2985 | 2985 | 515.65 | 1606 |
| 33 | തൊടുപുഴ | കരിമണ്ണൂർ | 5184 | 1549 | 3635 | 3635 | 769.4 | 1358 |
| 34 | തൊടുപുഴ | കരിംകുന്നം | 3255 | 800 | 2455 | 2450 | 3840.7 | 7 |
| 35 | തൊടുപുഴ | കൊടിക്കുളം | 3615 | 531 | 3084 | 3084 | 575.6 | 1089 |
| 36 | തൊടുപുഴ | കുമാരമംഗലം | 4017 | 1098 | 2919 | 2991 | 1722 | 4 |
| 37 | തൊടുപുഴ | മണക്കാട് | 4046 | 2255 | 1791 | 1791 | 447.58 | 1129 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 38 | തൊടുപുഴ | മുട്ടം | 2883 | 1583 | 1300 | 1761 | 2464.67 | 5 |
| 39 | തൊടുപുഴ | പുറപ്പുഴ | 3158 | 1462 | 1696 | 1696 | 441.22 | 862 |
| 40 | തൊടുപുഴ | ഉടുമ്പന്നൂർ | 5900 | 1406 | 4494 | 4494 | 2154.27 | 813 |
| 41 | തൊടുപുഴ | വണ്ണപ്പുറം | 7395 | 1457 | 5938 | 5938 | 5580.51 | 693 |
| 42 | തൊടുപുഴ | വെളിയാമറ്റം | 5795 | 2790 | 3005 | 3005 | 1255.92 | 2292 |
| 43 | ഉടുമ്പൻചോല | ഇരട്ടയാർ | 5645 | 728 | 4917 | 7755 | 6116.52 | 1698 |
| 44 | ഉടുമ്പൻചോല | കരുണാപുരം | 6776 | 67 | 6709 | 40 | 11.8 | 0 |
| 45 | ഉടുമ്പൻചോല | നെടുങ്കണ്ടം | 10264 | 4214 | 6050 | 120 | 20.8 | 167 |
| 46 | ഉടുമ്പൻചോല | പാമ്പാടുംപാറ | 5512 | 481 | 5031 | 35 | 5.58 | 10 |
| 47 | ഉടുമ്പൻചോല | രാജാക്കാട് | 3966 | 1138 | 2828 | 2847 | 7478.79 | 17 |
| 48 | ഉടുമ്പൻചോല | രാജകുമാരി | 5031 | 317 | 4714 | 5214 | 6797.14 | 464 |
| 49 | ഉടുമ്പൻചോല | ശാന്തൻപാറ | 4622 | 38 | 4584 | 4737 | 3956.94 | 0 |
| 50 | ഉടുമ്പൻചോല | സേനാപതി | 3507 | 26 | 3481 | 4736 | 6058.64 | 0 |
| 51 | ഉടുമ്പൻചോല | ഉടുമ്പൻചോല | 4208 | 40 | 4168 | 0 | 0 | 0 |
| 52 | ഉടുമ്പൻചോല | വണ്ടൻമേട് | 8665 | 170 | 8495 | 1721 | 458.88 | 1 |
| **ആകെ** | | | **279634** | **58191** | **221443** | **156810** | **151110.9** | **21081** |